ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

Ref. M/BP/CIR/6.2024 September 27, 2024

# ഇടയലേഖനം

## കണ്ണുനീരിനെ ജീവനുള്ള ദാഹജലമാക്കാം

"തിരുനാളിന്റെ അവസാനത്തെ മഹാദിനത്തിൽ യേശു എഴുന്നേറ്റ് നിന്ന് ശബ്ദമുയർത്തി പറഞ്ഞു: ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന്, വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതുപോലെ ജീവജലത്തിന്റെ അരുവികൾ ഒഴുകും" (യോഹന്നാൻ 7:37-38). യേശുവിൽ നിന്ന് ജീവജലം പാനം ചെയ്ത് ജീവജലത്തിന്റെ അരുവിയായി മാറിയ പരിശുദ്ധ അമ്മയോടുള്ള ജപമാല വണക്കത്തിന്റെ പുണ്യമാസം ആഗതമായി. അമ്മയുടെ അടുത്ത് നമുക്ക് അണയാം. ജീവിതമാകുന്ന ചെങ്കടൽ ഭയമില്ലാതെ നീന്തിക്കയറുവാനായി അമ്മയുടെ മാധ്യസ്ഥ്യം നമുക്ക് യാചിക്കാം. എന്റെ അടുത്തു വരുന്ന ഓരോരുത്തരും ഞാനാകുന്ന അരുവിയിൽ നിന്ന് ജീവജലം പാനം ചെയ്ത് ദൈവത്തെ മഹത്വപ്പെടുത്തുവാൻ, ക്രിസ്തുവിലേക്ക് അനുദിനം യാത്ര ചെയ്യുവാൻ നമ്മളെ നിരന്തരം പഠിപ്പിക്കണമേയെന്ന് അമ്മയോട് നമുക്ക് അപേക്ഷിക്കാം.

എന്തുകൊണ്ടാണ് ജപമാലഭക്തി നമ്മുടെ വിശ്വാസജീവിതത്തിന്റെ അവിഭാജ്യഘടകമായി തുടരുന്നത്? എന്തുകൊണ്ടാണ് ജപമാല നിരന്തരം ചൊല്ലുന്നവർ വിശുദ്ധിയുടെ മേഖലയിലേക്ക് വളരുന്നത്? കാരണം, ജപമാല രക്ഷാകര രഹസ്യത്തിന്റെ സ്നേഹപൂർവ്വകമായ ധ്യാനവും വിചിന്തനവുമാണ്. സന്തോഷം മാത്രം ആഗ്രഹിക്കുന്ന സാധാരണ മനുഷ്യപ്രകൃതിയോട്, ജീവിതമെന്നത് സന്തോഷവും ദുഃഖവും മഹത്വവും ഉൾച്ചേർന്ന് ഈലോകജീവിതത്തിന് അപ്പുറത്തേക്കുള്ള ഒരു യാത്രയാണെന്ന് ജപമാല നമ്മെ ഓർമ്മപ്പെടുത്തുന്നു. എന്റെ പ്രയാസങ്ങളും ക്ലേശങ്ങളും പ്രത്യാശകളും മനസ്സിലാക്കുന്ന എന്റെ ഹൃദയത്തിന്റെ നാഥനായ ഈശോയെ അമ്മ എനിക്ക് പരിചയപ്പെടുത്തുന്നു. കാനായിലെ കല്യാണവിരുന്നിൽ അമ്മ പരിചാരകരോട് പറഞ്ഞതുപോലെ നമ്മോട് പറയുന്നു: "അവൻ നിങ്ങളോട് പറയുന്നത് ചെയ്യുവിൻ" (യോഹന്നാൻ 2:5) ഈശോ പറയുന്നതുപോലെ ചെയ്താൽ നമ്മൾ സമാധാനം ഉള്ളവരായി മാറും.

യേശു എന്താണ് നമ്മളോട് പറയുന്നത്? തിന്മയെ നന്മ കൊണ്ട് ജയിക്കുവാൻ യേശു നമ്മെ പഠിപ്പിക്കുന്നു. അവിടുത്തെ വാക്കുകൾ വളരെ വ്യക്തമാണ്. ദുഷ്ടനെ എതിർക്കരുത്. വലതു കരണത്തടിക്കുന്നവന് മറ്റേ കരണം കൂടി കാണിച്ച് കൊടുക്കുക. നിന്നോട് വ്യവഹരിച്ച് നിന്റെ ഉടുപ്പ് കരസ്ഥമാക്കുവാൻ ഉദ്യമിക്കുന്നവന് മേലങ്കി കൂടി കൊടുക്കുക. ഒരു മൈൽ ദൂരം പോകുവാൻ നിന്നെ നിർബന്ധിക്കുന്നവനോട് കൂടി രണ്ട് മൈൽ ദൂരം പോകുക. ചോദിക്കുന്നവന് കൊടുക്കുക. വായ്പ വാങ്ങുവാൻ ഇച്ഛിക്കുന്നവനിൽ നിന്ന് ഒഴിഞ്ഞു മാറരുത്. മത്തായി ശ്ലീഹാ യേശുവിന്റെ ഗിരിപ്രഭാഷണത്തിൽ നിന്ന് നമ്മളുമായി പങ്കുവയ്ക്കുന്ന ചില കാര്യങ്ങളാണിവ. ഇതിന്റെ അടിസ്ഥാനം ഉറപ്പിച്ചിരിക്കുന്നത് നിന്നെ നന്നായി അറിയുന്ന ദൈവം, നിന്നോടൊപ്പം എന്നുമുണ്ടാകും എന്ന ആഴമേറിയ ബോധ്യമാണ്. ഇത് ജീവിച്ച അമ്മയെയാണ് ജപമാലയിൽ നാം ഓർക്കുക; പ്രാർത്ഥിക്കുക.

സംശയരോഗമുള്ള ഭാര്യയോടൊപ്പം ജീവിക്കുന്ന ഒരു കുടുംബനാഥനെ ഈ കഴിഞ്ഞ മാസം കണ്ടുമുട്ടുകയുണ്ടായി. 24 വർഷങ്ങൾ കഴിയുന്നു അവരുടെ വിവാഹം കഴിഞ്ഞിട്ട്. മൂന്നു കുട്ടികളും

വളർന്നു കഴിഞ്ഞു. അത്ര സന്തോഷകരമല്ല വീട്ടിലെ കാര്യങ്ങൾ. ഭാര്യയ്ക്ക് കാര്യമായ പരാതികൾ ഉണ്ട്. ഭർത്താവിനെക്കുറിച്ച് എപ്പോഴും സംശയമാണ്. 24 വർഷങ്ങൾക്കുള്ളിൽ ഭർത്താവിന്റെ ഒത്തിരിയേറെ കണ്ണുനീർ ആ വീട്ടിൽ വീണിട്ടുണ്ട്. എങ്ങനെ പിടിച്ചുനിന്നു എന്നു ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ മറുപടി ഒന്നു മാത്രമായിരുന്നു. പാന്റ്സിന്റെ പോക്കറ്റിൽ എപ്പോഴും സൂക്ഷിക്കുന്ന ജപമാല. മർദ്ദനമുണ്ടായപ്പോൾ പ്രതികരിക്കാതെ നിന്നു കൊടുത്തിട്ടുണ്ട്. ഉടുപ്പ് വലിച്ചു കീറിയപ്പോൾ ഒരക്ഷരം പോലും പറയാതെ നിശബ്ദനായി നിന്നിട്ടുണ്ട്. തന്റെ ഭാര്യയിൽ നിന്ന് ഒഴിഞ്ഞു മാറാതെ അവളെ ചേർത്തു പിടിച്ചിട്ടുണ്ട്. ക്രിസ്തുജീവിതം തന്റെ ഭവനത്തിൽ ആവർത്തിക്കപ്പെടുകയാണ് മാതാവിന്റെ മധ്യസ്ഥത്തിലൂടെ. ജപമാലയെ നമുക്ക് മുറുകെ പിടിക്കാം.

കൊന്ത ചൊല്ലുമ്പോൾ മാതാവിനോട് നാം എന്താണ് ചോദിക്കേണ്ടത്? നമ്മുടെ വിശ്വാസം ആഴപ്പെടുത്തുവാനാണ്. ക്രൈസ്തവകുടുംബത്തിൽ ജനിച്ചെങ്കിലും, കുഞ്ഞിലേ മാമ്മോദീസാ സ്വീകരിച്ചെങ്കിലും, 12 വർഷക്കാലം വിശ്വാസപരിശീലനം നേടിയെങ്കിലും പലപ്പോഴും നമ്മുടെ വിശ്വാസജീവിതം വളരെ ദുർബലമാണ്. ജീവിതമാകുന്ന കാറ്റ് എനിക്കെതിരെ വീശുമ്പോൾ, ഞാനറിയാത്ത കാര്യങ്ങൾ പോലും എനിക്കെതിരെ സംസാരിക്കപ്പെടുമ്പോൾ, എന്റെ സൽപ്പേരിന്മേൽ കളങ്കം ചാർത്തപ്പെടുമ്പോൾ, സുഹൃത്തുക്കൾപോലും ചില സന്ദർഭങ്ങളിൽ സംശയദൃഷ്ടിയോടെ എന്നെ നോക്കുമ്പോൾ, എന്റെ വിശ്വാസം ബലഹീനമായി മാറുന്നു. ദൈവം എന്തുകൊണ്ട് എനിക്കുവേണ്ടി സംസാരിക്കുന്നില്ല എന്ന് ഞാൻ എന്നോടു തന്നെ ചോദിക്കുന്നു. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരോട് യേശു ചോദിച്ച ചോദ്യം ഞാൻ കേട്ടില്ലെന്ന് നടിക്കുന്നു. "ഭോഷന്മാരേ, പ്രവാചകന്മാർ പറഞ്ഞിട്ടുള്ളത് വിശ്വസിക്കുവാൻ കഴിയാത്തവിധം ഹൃദയം മന്ദീഭവിച്ചവരേ, ക്രിസ്തു ഇതെല്ലാം സഹിച്ച് മഹത്വത്തിലേക്ക് പ്രവേശിക്കേണ്ടിയിരുന്നില്ലേ" (ലൂക്കാ 24:25-26). ഇതിന് നമുക്കും ആഴമുള്ള വിശ്വാസം വേണം.

രണ്ടാമത്തേതായി, മാതാവിനോട് നാം അപേക്ഷിക്കേണ്ടത് വിശുദ്ധിയിൽ വളരുവാനാണ്. വിശുദ്ധിയുള്ളവർക്കാണ് ദൈവത്തെ കാണുവാൻ സാധിക്കുക. ലൂക്കാ സുവിശേഷകൻ ഇവിടെ നമ്മുടെ സഹായത്തിനെത്തുന്നു. ആ ചുങ്കക്കാരനാകട്ടെ ദൂരെനിന്ന് സ്വർഗ്ഗത്തിലേക്ക് കണ്ണുകൾ ഉയർത്തുവാൻ പോലും ധൈര്യപ്പെടാതെ, മാറത്തടിച്ചുകൊണ്ട്, "ദൈവമേ, പാപിയായ എന്നിൽ കനിയണമേ" എന്നു പ്രാർത്ഥിച്ചു. ഇതാണ് വിശുദ്ധിയിലേക്കുള്ള വഴി. ദൈവത്തോട് പറഞ്ഞു കൊണ്ടിരിക്കുക; പാപിയായ എന്നിൽ കനിയണമേ. ഞാൻ കാണുന്നത് വിശുദ്ധിയുള്ള കാര്യങ്ങൾ അല്ല, ഞാൻ മനസിൽ കൊണ്ടുനടക്കുന്നത് നന്മയുടെ സുഗന്ധമുള്ള കാര്യങ്ങൾ അല്ല, എന്റെ പ്രവൃത്തികൾ പലതും നീതിപൂർണ്ണമല്ല, എന്റെ സമീപനങ്ങൾ സ്നേഹത്തിൽ നിന്ന് ഉദിക്കുന്നതല്ല, ഞാൻ സംസാരിക്കുന്നത് പലപ്പോഴും അസമാധാനത്തിലേക്കാണ് നയിക്കുന്നത്. പാപിയാണ് ഞാൻ. നീ എന്നിൽ കനിയണമേ. അമ്മയുടെ മറുപടിയായിരിക്കണം നമ്മുടെയും മറുപടി. ഇതാ, കർത്താവിന്റെ ദാസൻ/കർത്താവിന്റെ ദാസി. നിന്റെ തിരുഹിതം പോലെ എന്നെ നടത്തുക (ലൂക്കാ 1:38). വിശുദ്ധിയുടെ പാതയിലേക്ക് അങ്ങ് എന്നെ കൈപിടിച്ച് നടത്തണേ.

ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ജപമാല എന്നത് ഒരു ആഢംബര വസ്തു അല്ല. മറിച്ച്, അത് തിന്മയ്ക്കെതിരെയുള്ള ആയുധമാണ്. പരിശുദ്ധ ജപമാലയെ മുറുകെ പിടിച്ചാൽ അമ്മ നമ്മുടെ കൈപിടിച്ച് നമ്മളെ സ്വർഗത്തിലേക്ക് കൂട്ടിക്കൊണ്ടു പൊയ്ക്കോളും. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയ്ക്ക് തന്റെ മാതാപിതാക്കളും സഹോദരങ്ങളും ബാല്യത്തിൽ നഷ്ടപ്പെട്ടപ്പോൾ ആ ബാലന് കൂട്ടായിട്ടുണ്ടായത് ജപമാലയും പരിശുദ്ധ അമ്മയുമായിരുന്നു. അന്ന് ജോൺ എന്ന ബാലൻ പരിശുദ്ധ അമ്മയുടെ കരം പിടിച്ചപ്പോൾ അമ്മ അവന്റെയും കരം പിടിച്ചു. അങ്ങനെ ആ ബാലനെ സഭയുടെ തലവനാക്കി. മാർപാപ്പ ആയതിനുശേഷവും പിതാവ് പരിശുദ്ധ

ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

അമ്മയോടുള്ള ആഴമായ ഭക്തിയിലാണ് വളർന്നത്. പിതാവ് എപ്പോഴും നമ്മോട് ആഹ്വാനം ചെയ്തതും ജപമാലയാകുന്ന ആയുധം കൈകളിൽ ഏന്താനാണ്. അദ്ദേഹത്തിന്റെ ആഴമായ മരിയൻഭക്തിയാണ് ഒരു പൊതുസമ്മേളനത്തിൽ വച്ച് വെടിയേറ്റപ്പോൾ പരിശുദ്ധ അമ്മയുടെ പ്രത്യേകസംരക്ഷണത്താൽ പിതാവ് അത്ഭുതകരമായി രക്ഷിക്കപ്പെട്ടത്. ആ അത്ഭുതപിതാവിലൂടെ ലോകം മുഴുവൻ ജപമാലയെ സ്നേഹിക്കാനും പരിശുദ്ധ അമ്മയോടുള്ള ബന്ധത്തിൽ വളരാനുമുള്ള പ്രചോദനമായി.

നമുക്കും ജപമാലയെ മുറുകെ പിടിക്കാം. പരിശുദ്ധ അമ്മയെ സ്നേഹിക്കാം. ജീവിതത്തിലെ പരാജയങ്ങളിൽ വഴിമുട്ടുമ്പോൾ മനസ് മടുക്കാതെ ജപമാല കൈകളിൽ വഹിച്ച് അമ്മയുടെ മാധ്യസ്ഥ്യം തേടി പ്രാർത്ഥിക്കാം. ഈ ജപമാല മാസത്തിൽ വ്യക്തിപരമായി ഒരു ജപമാല എങ്കിലും ചൊല്ലാൻ നമുക്ക് പരിശ്രമിക്കാം. നമ്മുടെ ജീവിതത്തിലെ തെറ്റുകൾക്ക് പരിഹാരമായി എന്നും 3 നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന ചൊല്ലി അമ്മയുടെ മാധ്യസ്ഥ്യം തേടാം. യാത്രകൾക്ക് മുൻപ് അമ്മയുടെ മാധ്യസ്ഥ്യം തേടാം. അങ്ങനെ അമ്മയിലൂടെ ഈശോയിലേക്ക് നമുക്കും വളരാം.

കുരിശിൻ ചുവട്ടിൽ നിന്ന യോഹന്നാന് "ഇതാ നിന്റെ അമ്മ" എന്ന് പറഞ്ഞുകൊടുത്ത സമ്മാനമാണ് പരിശുദ്ധ അമ്മ. ആ അമ്മ ഇന്ന് മാനവകുലത്തിന്റെ മുഴുവൻ അമ്മയാണ്. ആ അമ്മയെ നമുക്ക് സ്നേഹിക്കാം. അമ്മയുടെ മാധ്യസ്ഥ്യം തേടി ഈശോയിലേക്ക് വളരാം.

ഈ മാസം മണ്ഡ്യ രൂപതയിൽ അനുഗ്രഹങ്ങളുടെ മാസമാകട്ടെ. നമുക്ക് നമ്മുടെ കുട്ടികളെ നമസ്ക്കാരങ്ങൾ പഠിപ്പിക്കാം. വീട് വൃത്തിയായി സൂക്ഷിക്കുവാൻ പരിശീലിപ്പിക്കാം. ഉചിതമായ വസ്ത്രങ്ങൾ ധരിച്ച് നമ്മുടെ യുവജനങ്ങൾ അവരുടെ ആത്മാഭിമാനം വിളിച്ചറിയിക്കട്ടെ. അതിഥികളെ സ്നേഹത്തോടെ സ്വീകരിക്കാം. കുമ്പസാരവേദിയിൽ ഇടയ്ക്കിടയ്ക്ക് അണയാം. സ്നേഹത്തിന്റെ വാക്കുകൾ പരിശീലിക്കാം. വൈവാഹികബന്ധങ്ങളിൽ ആത്മാർത്ഥത വളർത്താം. പ്രായമായവരോട് ആദരവോടെ പെരുമാറാം. കാരണം, അമ്മ നമ്മളോട് ആവശ്യപ്പെടുന്നത് അമ്മയുടെ മാധ്യസ്ഥ്യം തേടുവൻ മാത്രമല്ല, അമ്മയോടൊപ്പം നടക്കുവാൻ കൂടിയാണ്.

എനിക്കുവേണ്ടിയും രൂപതയുടെ എല്ലാ നിയോഗങ്ങൾക്കുവേണ്ടിയും നിങ്ങൾ പ്രാർത്ഥിക്കുമല്ലോ.

സ്നേഹത്തോടെ,

**സെബാസ്റ്റ്യൻ പിതാവ്**
മണ്ഡ്യ രൂപത മെത്രാൻ

***ഈ സർക്കുലർ 2024 സെപ്റ്റംബർ 29 ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും വിശുദ്ധ കുർബാന മധ്യേ വായിക്കുകയും ബന്ധപ്പെട്ട ഇടവക സമിതികളിൽ ഉചിതമായ സമയത്ത് റിപ്പോർട്ട് ചെയ്യുകയും സോഷ്യൽ മീഡിയ വഴി പരമാവധി ഷെയർ ചെയ്യാനും ശ്രദ്ധിക്കുമല്ലോ.***

,